(ബി) ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടിയെടുത്തുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ടി പരാതിയുടെ അടിസ്ഥാനത്തിൽ മ്യൂസിയം പോലീസ് സ്റ്റേഷനിൽ ക്രൈം 704/2005, യു/എസ് 294 (ബി) 448, 352 ഐ. പി. സി. പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

കൊഞ്ചിറ മുടിപ്പുര ദേവീക്ഷേത്രത്തിലെ കവർച്ച അന്വേഷിക്കാൻ നടപടി

124 [80] *ശ്രീ കെ. മോഹൻകുമാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെഞ്ഞാറമൂട് പോലീസ് സർക്കിൾ സ്റ്റേഷൻ പരിധിയിലെ കൊഞ്ചിറ മുടിപ്പുര ദേവീ ക്ഷേത്രത്തിൽ 2005 ജൂണിൽ നടന്ന കവർച്ചയുടെ അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) ഇതിനോടനുബന്ധിച്ച് പോലീസ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) എത്രപേരെ ചോദ്യം ചെയ്തുവെന്ന് അറിയിക്കാമോ;

(ഡി) കവർച്ചയെക്കുറിച്ചുള്ള പരാതി പോലീസ് അധികൃതർക്ക് ലഭിച്ചതും രേഖപ്പെടുത്തിയതും യഥാക്രമം എപ്പോഴാണെന്നറിയിക്കാമോ;

(ഇ) കേസ് അന്വേഷണം ഇപ്പോൾ നടത്തിവരുന്നത് ഏത് ഉദ്യോഗസ്ഥനാണെന്ന് അറിയിക്കാമോ;

(എഫ്) അന്വേഷണം ഊർജ്ജിതപ്പെടുത്തുന്നതിന്റെ ഭാഗമായി കേരള പോലീസ് ടെംബിൾ സ്കാഡിന് പ്രസ്തുത കേസ് കൈമാറാൻ നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) & (ബി) വട്ടപ്പാറ പോലീസ് സ്റ്റേഷനിൽ ക്രൈം 245/2005 യു/എസ് 454, 380 ഐ. പി. സി. പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

(സി) അഞ്ച് പേരെ ചോദ്യം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 5-6-2005-ന് വൈകുന്നേരം 5 മണിക്ക് പരാതി വഭിക്കുകയും അന്നേ ദിവസം 9 മണിക്ക് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതുമാണ്.

(ഇ) ആറ്റിങ്ങൽ ഡിവൈ. എസ്. പി.

(എഫ്) പോക്കർ പോലീസിന്റെ അന്വേഷണ റിപ്പോർട്ട് പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുവാൻ പോലീസ് ഡയറക്ടർ ജനറലിന് നിർദ്ദേശം നൽകുന്നതാണ്.

പോലീസ് വെടിവെയ്പ്, വാഹനാപകടം, കസ്റ്റഡി മരണം തുടങ്ങിയവയുമായി ബന്ധപ്പെട്ട കേസുകൾ

125 [81] *ശ്രീ. കെ. പി. രാജേന്ദ്രൻ* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ നാലുവർഷത്തിനുള്ളിൽ എത്ര വർഗ്ഗീയ സംഘട്ടനങ്ങൾ, കലാപങ്ങൾ എന്നിവ ഉണ്ടായി എന്ന് വ്യക്തമാക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്, എത്ര പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്; വിശദമാക്കുമോ;

(സി) ഈ കാലയളവിൽ സംസ്ഥാനത്ത് എത്ര പോലീസ് വെടിവെയ്പുകൾ നടന്നു; ഇതിൽ എത്ര പേർ മരണപ്പെട്ടു; വ്യക്തമാക്കാമോ;

(ഡി) പോലീസ് വാഹനാപകടം, ടിയർ ഗ്യാസ് പ്രയോഗം, പരിശീലനവേളകൾ തുടങ്ങി എത്ര സംഭവങ്ങൾ പ്രസ്തുത കാലയളവിൽ നടന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഇ) പോലീസ് കസ്റ്റഡിയിൽ മരണപ്പെട്ടവർ, പോക്കറ്റിൽ മരണപ്പെട്ടവർ, ആശുപത്രി സെല്ലുകളിൽ മരണപ്പെട്ടവർ എത്ര എന്നും വ്യക്തമാക്കുമോ;

(എഫ്) പോലീസ് വെടിവെയ്പ്, വാഹനാപകടം, കസ്റ്റഡി മരണം തുടങ്ങിയ സംഭവങ്ങളുമായി ബന്ധപ്പെട്ട് ഇപ്പോൾ എത്ര അന്വേഷണങ്ങൾ നടന്നുവരുന്നു എന്ന് വ്യക്തമാക്കുമോ;

(ജി) ഈ അന്വേഷണങ്ങളിൽ എത്ര റിപ്പോർട്ടുകൾ സർക്കാരിന് ലഭിച്ചു; ഇതിൽ ഓരോന്നിലും സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

ഉത്തരം

(എ) (ജി) വിവരം ശേഖരിച്ചുവരുന്നു.

GPM 2/564/2012—21

LIBRARY ARCHIVES Kerala Legislative Assembly